പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 302 10/06/2013-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ബോധവൽക്കരണത്തിനായി പ്രമോട്ടർമാർ

ചോദ്യം മറുപടി

ശ്രീ.വി.പി.സജീന്ദ്രൻ : കുമാരി.പി.കെ.ജയലക്ഷ്മി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
ശ്രീ. റ്റി.എൻ.പ്രതാപൻ കാഴ്ചബംഗ്ളാവുകളും
ശ്രീ.പാലോട് രവി മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആദിവാസികൾക്കിടയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ആരോഗ്യ ബോധവൽക്കരണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഹെൽത്ത് സർവ്വേ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചും മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റൽ, തുടങ്ങിയ സ്ഥാപനങ്ങളിലും നിരന്തരം ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് തുടങ്ങിയ ആരോഗ്യ വകുപ്പ് ഫീൽഡ് സ്റ്റാഫ് മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണ നയിലുണ്ടോ; | (ബി) | എസ്.റ്റി. പ്രൊമോട്ടർമാർ അസുഖ ബാധിതരെ ആശുപത്രിയിൽ എത്തിച്ചു ചികിത്സ ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യ പരിപാലനത്തിനു ബോധവത്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടിക വർഗ്ഗക്കാരെ സഹായിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | എന്തെല്ലാം പരിശീലനങ്ങളാണ് പ്രമോട്ടർമാർക്ക് നൽകുന്നത്; | (സി) | പട്ടിക വർഗ്ഗ വികസന വകുപ്പ് നിയമിച്ചിട്ടുള്ള എസ്.ടി പ്രൊമോട്ടർമാർക്കും, ഹെൽത്ത് പ്രൊമോട്ടർമാർക്കും ത്രിദിന പരിശീലന പരിപാടി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പരിശീലന പരിപാടിയിൽ വ്യക്തിത്വ വികസനം, നേതൃപാടവം, ലക്ഷ്യബോധത്തോടെ ജോലി ചെയ്യാനുള്ള പ്രചോദനം, പ്രൊമോട്ടർമാരുടെ ഉത്തരവാദിത്തങ്ങൾ, ഊരുകൂട്ട സംഘാടനം, തദ്ദേശസ്വയംഭരണ പദ്ധതി രൂപീകരണത്തിൽ പ്രൊമോട്ടർമാരുടെ പങ്കാളിത്തം, ഗ്രൂപ്പ് ചർച്ചകൾ, പട്ടികവർഗ്ഗക്കാർക്കായുള്ള നിയമപരിരക്ഷകൾ, കുടുംബശ്രീ/സ്ത്രീ ശാക്തീകരണം, വനാവകാശ നിയമം, പ്രൊമോട്ടർമാരുടെ ഉത്തരവാദിത്വവും പങ്കും, പോലീസ്, എക്സൈസ്,വനം വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ, ആരോഗ്യ പദ്ധതികൾ, ആരോഗ്യ പ്രശ്നങ്ങൾ, ഇടപെടൽ സാദ്ധ്യതകൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രമോട്ടർമാരെ തെരെഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | എസ്.റ്റി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് പത്രമാധ്യമങ്ങളിലൂടെയും ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ വഴിയും വ്യാപകമായ പരസ്യം |

| | | | |
|---|---|---|---|
| | | | നൽകി അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയാണ് നിയമനം നൽകുന്നത്. അപേക്ഷകർ പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട 18നും 45-നും മധ്യേ പ്രായമുള്ളവരും എസ്.എസ്.എൽ.സി വിജയിച്ചവരുമായ യുവതീ യുവാക്കൾ ആയിരിക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വയനാട് ജില്ലയിലെ അടിയ/പണിയ വിഭാഗത്തിൽപ്പെട്ടവർ, പത്തനംതിട്ട ,കൊല്ലം ഇടുക്കി ജില്ലകളിലെ മലപ്പണ്ടാരം, ഇടുക്കി ജില്ലയിലെ മുതുവാൻ, മലപുലയൻ, ഊരാളി, മന്നാൻ, മൂന്നാറിലും മറ്റുമുള്ള പണിയൻ ചിറ്റൂർ താലൂക്കിലെ മഹാമലസ്സർ, മലസ്സർ എന്നീ വിഭാഗങ്ങൾക്കും പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കും അടിസ്ഥാന യോഗ്യത 8-ാം തരം മതിയാകുന്നതാണ്. അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ പരിശോധിച്ചും പ്രദേശിക വെല്ലുവിളികൾ നേരിടുന്ന സമുദായങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രത്യേക പരിഗണന നൽകിയും, ഇന്റർവ്യൂവിന് പൊതു വിജ്ഞാനം, സാമൂഹ്യ പ്രതിബന്ധത, അഭിരുചി, സേവന സന്നദ്ധത, നേതൃപാടവം, ആശയവിനിമയ നൈപുണ്യം, പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുവാനുള്ള കഴിവ്, സാമൂഹിക വീക്ഷണം തുടങ്ങിയവ വിലയിരുത്തിയുമാണ് നിയമനം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ